# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1048 05.03.2018-ൽ മറുപടി നൽകേണ്ടത്

**വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ അസിസ്റ്റന്റ് ഡയറക്ടർ**

ചോദ്യം
ശ്രീ. റ്റി.വി.രാജേഷ്

മറുപടി
പ്രൊഫ. സി. രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിന്റെ കീഴിൽ എത്ര അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്; അതിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(എ) വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിന്റെ കീഴിൽ ആകെ എട്ട് അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ നാല് ഒഴിവുകൾ നിലവിലുണ്ട്.

(ബി) കണ്ണൂർ, കാസറഗോഡ് ജില്ലകൾ ഉൾപ്പെടുന്ന പയ്യന്നൂർ മേഖലാ ഓഫീസിൽ സ്ഥിരമായി അസിസ്റ്റന്റ് ഡയറക്ടർ ഇല്ലാത്തതിനാൽ അക്കാദമിക് ഇൻസ്പെക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി) ഇല്ല. പയ്യന്നൂർ മേഖല ഓഫീസിന്റെ സുഗമമായ നടത്തിപ്പിനായി വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ റിസർച്ച് അസ്സിസ്റ്റന്റിന്, അസിസ്റ്റന്റ് ഡയറക്ടറുടെ താത്കാലിക ചുമതല ഡയറക്ടർ നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ